# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2893**.

**13-03-2018 ൽ മറുപടിയ്ക്ക്**

## കർഷകർക്കായി സോളാർ വൈദ്യുതി

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ.ബി.ഗണേഷ് കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകർക്കായി എന്തെല്ലാം സോളാർ വൈദ്യുത പദ്ധതികളാണ് നിലവിലുള്ളത്; | (എ) | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) സ്കീമിൽ സോളാർ പമ്പ്സെറ്റ് വാങ്ങുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. പൊന്നാനിയിലും തൃശ്ശൂരുമുള്ള കരിനിലങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 50 HP ശേഷിയുള്ള ഡീവാട്ടറിംഗ് പമ്പ്സെറ്റുകൾ സ്ഥാപിച്ചു നൽകുന്നതിന് അനെർട്ടും റെയ്ഡ്കോയും സംയുക്തമായി 133 ലക്ഷം രൂപ പദ്ധതി അടങ്കലുള്ള സ്കീം 2017-18 വർഷത്തെ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. |
| (ബി) | കർഷകർ അധികമായി ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി സംസ്ഥാന സർക്കാരിന് വാങ്ങുവാൻ കേന്ദ്രം നിർദ്ദേശം നല്കിയതിന്റെ പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബൃഹത് പദ്ധതി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇത്തരം പദ്ധതികൾക്കായി 2018-2019-ൽ കേന്ദ്ര സർക്കാർ തുക വകയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ